"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജലവിഭവ വകുപ്പ് - JJM - WSS to Mankulam Adimali and Pallivasal (Part) Panchayath in Idukki District including Construction of 11 MLD Plant at Mankulam എന്ന പ്രവൃത്തിയ്ക്ക് ലഭിച്ച ഏക ദർഘാസ് അംഗീകരിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ജലവിഭവ-ജലവിതരണ (ബി) വകുപ്പ്**

G.O.(Ms)No.21/2026/WRD തീയതി,തിരുവനന്തപുരം, 22-02-2026

പരാമർശം:- 1. സ.ഉ (പി) നം. 16/2017/ധന തീയതി 06.02.2017.

2. ജി.ഒ (ആർ.റ്റി) നം. 134/2022/ഡബ്ല്യു.ആർ.ഡി തീയതി 23.02.2022

3. കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 15.02.2024 തീയതിയിലെ KWA-JB/676/2024-AEE6 നമ്പർ കത്ത്.

**ഉത്തരവ്**

JJM - WSS to Mankulam Adimali and Pallivasal (Part) Panchayath in Idukki District including Construction of 11 MLD Plant at Mankulam എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട പദ്ധതിയ്ക്ക് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി. പ്രസ്തുത പ്രവൃത്തിക്ക് 09.03.2023 തീയതിയിൽ കേരള വാട്ടർ അതോറിറ്റി സാങ്കേതിക അനുമതി നൽകുകയും, പി.എച്ച് സർക്കിൾ, തിരുവല്ലയിലെ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ നിന്ന് 10,10,20,978/- രൂപ Tendered PAC ആയി ദർഘാസ് ക്ഷണിക്കുകയും ചെയ്തു.

2) ആരും പങ്കെടുക്കാത്തതിനാൽ ആദ്യ ദർഘാസും തുടർന്നുള്ള പുനഃദർഘാസും റദ്ദാക്കി. എസ്റ്റിമേറ്റ് റീ കാസ്റ്റ് ചെയ്ത് ദർഘാസ് വീണ്ടും ക്ഷണിച്ചു. ആരും പങ്കെടുക്കാത്തതിനാൽ അതും റദ്ദാക്കി. തുടർന്നുള്ള പുന:ദർഘാസിന് മറുപടിയായി, ശ്രീ. അബു മാത്യു, 14/307, കാരമേൽ കോയിക്കൽ, കരിക്കോട് പി.ഒ, പെരുവ, കോട്ടയം 686610 (Sri.Abu Mathew, 14/307, Karamel Koyikel Karikode P.O, Peruva, Kottayam-686610) എന്നവരിൽൽ നിന്ന് ഒരു ഓഫർ ലഭിച്ചു.

3) കരാറുകാരൻ ക്വാട്ട് ചെയ്ത 11,96,00,000/- രൂപ TPAC-യെക്കാൾ 18.39% അധികരിച്ചതായിരുന്നു. തുടർന്ന് കരാറുകാരനുമായി കേരള വാട്ടർ അതോറിറ്റി negotiation നടത്തുകയും, കരാറുകാരൻ ക്വാട്ട് ചെയ്ത തുക TPAC യേക്കാൾ 17.8% ഉയർന്ന തുകയായ 11,90,00,000/- രൂപയായി കുറയ്ക്കുകയും ചെയ്തു.

4) പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം, DSoR + 10%, പ്രാദേശിക വിപണി നിരക്ക്, കരാറുകാരൻ ക്വാട്ട് ചെയ്ത തുക ഇവയിൽ ഏതാണോ കുറവ് വരുന്നത് ആ തുകയ്ക്കാണ് ദർഘാസ് അംഗീകരിക്കേണ്ടത്. അതായത് കുറഞ്ഞ തുകയും, SoR. +10% ആയ 11,11,23,076.24/- രൂപയ്ക്കേ പ്രസ്തുത ദർഘാസ് അനുവദിക്കാനാകുകയുള്ളൂ.

5) ഇടുക്കി ജില്ലയിലെ കാലാവസ്ഥ സാഹചര്യവും, ജെ.ജെ.എം. പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയും, പുന:ദർഘാസ് നടത്തിയാലും മികച്ച

ഓഫർ ലഭിക്കാൻ സാധ്യതയില്ലായെന്നതിനാലും പ്രവൃത്തി സിംഗിൾ ബിഡറായ ശ്രീ.അബു മാത്യു, കോട്ടയം-ത്തിന്റെ നെഗോഷ്യറ്റഡ് തുകയായ 11,90,00,000/- രൂപയ്ക്ക് അനുവദിക്കുന്നത് പരിഗണിക്കണമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

6) സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. ആദ്യ രണ്ടു പ്രാവശ്യം ടെണ്ടർ ചെയ്തതിൽ ഫലമില്ലാത്തതിനാൽ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് ടെണ്ടർ ചെയ്ത പ്രവൃത്തിയാണിത്. കൂടാതെ ദേവികുളം പോലുള്ള മലയോരമേഖലകളിൽ ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തി നടത്തുന്നത് വളരെ ദുഷ്കരവും, ചെലവേറിയതുമാണ്. പ്രാദേശിക വിപണി നിരക്കിൽ നിന്ന് നെഗോഷ്യറ്റഡ് തുകയ്ക്ക് വലിയ വ്യത്യാസവും കാണുന്നില്ല. ഇനിയും ദർഘാസ് ചെയ്യുന്നത് ചെലവ് കൂട്ടാനേ സഹായിക്കൂ എന്നും സർക്കാർ നിരീക്ഷിക്കുകയുണ്ടായി.

7) പ്രസ്തുത സാഹചര്യത്തിൽ JJM - WSS to Mankulam Adimali and Pallivasal (Part) Panchayath in Idukki District including Construction of 11 MLD Plant at Mankulam എന്ന പ്രവൃത്തി സിംഗിൾ ബിഡ്ഡറായ ശ്രീ. അബു മാത്യു, 14/307, കാരമേൽ കോയിക്കൽ, കരിക്കോട് പി.ഒ, പെരുവ, കോട്ടയം 686610 (Sri.Abu Mathew, 14/307, Karamel Koyikel, Karikode P.O, Peruva, Kottayam-686610)-ന് അദ്ദേഹത്തിന്റെ നെഗോഷ്യേറ്റഡ് തുകയായ, TPAC യേക്കാൾ 17.8% ഉയർന്ന തുകയായ 11,90,00,000/- രൂപയ്ക്ക് (പതിനൊന്ന് കോടി തൊണ്ണൂറ് ലക്ഷം രൂപ മാത്രം), കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് ലഭിക്കാത്തപക്ഷം സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്ന് ചെലവ് വഹിക്കാം എന്ന വ്യവസ്ഥയ്ക്ക് വിധേയമായി അനുവദിക്കുന്നതിനുള്ള അനുമതി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BISHWANATH SINHA
ADDITIONAL CHIEF SECRETARY

പകർപ്പ് :-

1. മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം.
3. പൊതുഭരണ (എസ്.സി) വകുപ്പ് (20.02.2026 -ലെ 3717 ഇനം. പ്രകാരം)
4. ധനകാര്യ വകുപ്പ് (ഫയൽ നം. 2719870/പി.യു-സി1/259/2024/ഫിൻ)
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി
6. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Hemalatha Das
Date: 24-02-2026 11:19:01
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 20-02-2026**

ഫയൽ നം. ഡബ്ല്യൂ.എസ്.-ബി3/79/2024/ജവിവ. ഇനം നം: 3717

വിഷയം : ജലവിഭവ വകുപ്പ് - കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച JJM - WSS to Mankulam Adimali and Pallivasal (Part) Panchayath in Idukki District including Construction of 11 MLD Plant at Mankulam എന്ന പ്രവൃത്തി സിംഗിൾ ബിഡ്ഡർ ആയ ശ്രീ.അബു മാത്യു, 14/307, കാരമേൽ കോയിക്കൽ, കരിക്കോട് പി.ഒ., പെരുവ, കോട്ടയം - 686610-ന് അദ്ദേഹം ക്വാട്ട് ചെയ്ത TPAC-യെക്കാൾ 17.8% ഉയർന്ന തുകയായ 11,90,00,000/- രൂപയ്ക്ക് അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്.

21/2/26
S.S

3717

**കേരള സർക്കാർ**

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

**<u>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്</u>**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഡബ്ല്യു.എസ്-ബി3/79/2025-ജവിവ |
| 2. | വകുപ്പ് | : | ജലവിഭവ (ജലവിതരണ -ബി) വകുപ്പ് |
| 3. | വിഷയം | : | കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച JJM - WSS to Mankulam Adimali and Pallivasal (Part) Panchayath in Idukki District including Construction of 11 MLD Plant at Mankulam എന്ന പ്രവർത്തി സിംഗിൾ ബിഡ്ഡർ ആയ ശ്രീ. അബ്ബു മാത്യു, 14/307, കാരമേൽ കോയിക്കൽ, കരിക്കോട് പി.ഒ, പെരുവ, കോട്ടയം 686610-ന് അദ്ദേഹം ക്വാട്ട് ചെയ്ത TPAC യെക്കാൾ 17.8% ഉയർന്ന തുകയായ 11,90,00,000/- രൂപയ്ക്ക് അനുവദിക്കുന്നത്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 14.05.2025. |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യത യുള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ള താണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | : | ഉണ്ട്. |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ | : | ഇല്ല. |

| | | | |
|---|---|---|---|
| | അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | | |
| 7. | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.സജികുമാർ.ജെ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 13.02.2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.എ.ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 17.02.2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.റോഷി അഗസ്റ്റിൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 18.02.2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 18.02.2026 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## <u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച JJM - WSS to Mankulam Adimali and Pallivasal (Part) Panchayath in Idukki District including Construction of 11 MLD Plant at Mankulam എന്ന പ്രവർത്തി സിംഗിൾ ബിഡ്ഡർ ആയ ശ്രീ. അബു മാത്യു, 14/307, കാരമേൽ കോയിക്കൽ, കരിക്കോട് പി.ഒ, പെരുവ, കോട്ടയം 686610-ന് അദ്ദേഹം ക്വാട്ട് ചെയ്ത TPAC യെക്കാൾ 17.8% ഉയർന്ന തുകയായ 11,90,00,000/- രൂപയ്ക്ക് അനുവദിക്കുന്ന വിഷയമാണ് കുറിപ്പിൽ പരിശോധിക്കുന്നത്.

2) പ്രവൃത്തിക്ക് 23.02.2022 തീയതിയിലെ G.O.(Rt) No.134/2022/WRD പ്രകാരം ഭരണാനുമതിയും, 09.03.2023 തീയതിയിൽ സാങ്കേതിക അനുമതിയും നൽകി.

3) ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ മാങ്കുളം, അടിമാലി, പള്ളിവാസൽ (ഭാഗം) പഞ്ചായത്തുകളിലെ മുഴുവൻ പ്രദേശങ്ങളിലേക്കുമായി 9075 എഫ്എച്ച്ടിസി വഴി വീട്ടുകൾക്ക് കുടിവെള്ളം നൽകുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. പി.എച്ച് സർക്കിൾ, മൂവാറ്റുപുഴയിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ 10,10,20,978/- രൂപ TPAC ആയി ഐറ്റം റേറ്റ് BoQ-ൽ ടെൻഡർ ക്ഷണിച്ചു. ആരും പങ്കെടുക്കാത്തതിനാൽ ടെൻഡറും തുടർന്നുള്ള റീ-ടെൻഡറും റദ്ദാക്കി. എസ്റ്റിമേറ്റ് റീ കാസ്റ്റ് ചെയ്ത് ടെൻഡർ വീണ്ടും ക്ഷണിച്ചു. ആരും പങ്കെടുക്കാത്തതിനാൽ അതും റദ്ദാക്കി. തുടർന്നുള്ള റീ ടെൻഡർ കോളിന് മറുപടിയായി, ശ്രീ. അബു മാത്യു, 14/307, കാരമേൽ കോയിക്കൽ, കരിക്കോട് പി.ഒ, പെരുവ, കോട്ടയം 686610 എന്നവരിൽ നിന്ന് ഒരു ഓഫർ ലഭിച്ചു.

4) പ്രീക്വാളിഫൈ ചെയ്ത ബിഡ്ഡർ ക്വാട്ട് ചെയ്ത തുകയും, ടിപിഎസി-യുമായുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| Sl. No | Name & Address of the tenderes | TPAC | Quoted Amount | Comparison with PAC | Bid Rank |
|---|---|---|---|---|---|
| 1. | Sri.Abu Mathew, 14/307, Karamel Koyikel Karikode P.O, Peruva, Kottayam-686610 | Rs.10,10,20,978/- | Rs.11,96,00,000/- | 18.39% above TPAC | L1 |

5) സൂപ്രണ്ടിംഗ് എഞ്ചിനീയർ, മൂവാറ്റുപുഴ L1 ബിഡ്ഡറോട് ഉയർന്ന ക്വാട്ട് നിരക്കുകൾ കുറയ്ക്കാൻ (പ്രൈസ് 3.0 ന്റെ കോൺട്രാക്ടറുടെ പോർട്ടൽ വഴി) അഭ്യർത്ഥിച്ചു. ബിഡ്ഡർ ക്വാട്ട് ചെയ്ത തുക 11,90,00,000/- രൂപയായി കുറച്ചു, ഇത് TPAC യേക്കാൾ 17.8% കൂടുതലാണ്. ടെൻഡർ കമ്മിറ്റി മുകളിൽ പറഞ്ഞവ വിശകലനം ചെയ്യുകയും ഇനിപ്പറയുന്നവ നിരീക്ഷിക്കുകയും ചെയ്തു.

| | | |
|---|---|---|
| | LMR PAC corresponding to TPAC (As per LS Estimate in PRICE 3 WRD/KWA-CE(CR)/EST/1854/ 2022576/RC1) | Rs.10,10,20,978.40/- (Same as TPAC) |
| a. | LMR PAC corresponding to TPAC (As per Detailed Estimate in PRICE 3 WRD/KWACE(CR)/EST/1854/ 2022_5_5_4/RC1) | Rs.11,47,32,086.30/- (13.57% above TPAC) (LMR Place Devikulam)LMR as on 27.12.2023 (Generated from PRICE 3) |
| b. | Quoted Amount of Single Bidder | Rs.11,96,00,000/- (18.39% above TPAC) |
| c. | Negotiated amount of L1 Bidder | Rs.11,90,00,000/- 17.8% above TPAC |
| d. | Current SoR+10% | Rs.11,11,23,076.24/- |

6) 06.02.2017 തീയതിയിലെ G.O.(P) നമ്പർ 16/2017/Fin പ്രകാരം, മുകളിൽ പറഞ്ഞ മൂന്ന് തുകകളിൽ ഏറ്റവും കുറഞ്ഞ തുകയ്ക്ക് ടെൻഡർ അനുവദിക്കാം, അതായത് മുകളിൽ പറഞ്ഞ (a), (b) & (c)-യിലെ കുറഞ്ഞ തുകയായ, SoR. +10% ആയ 11,11,23,076.24/- രൂപയ്ക്ക് അനുവദിക്കാം.

7) ഭേദഗതി ചെയ്ത ജെജെഎം മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, ജെജെഎമ്മിന് കീഴിൽ അനുവദിച്ച എല്ലാ പദ്ധതികളും ചെലവോ സമയനഷ്ടമോ കൂടാതെ നടപ്പിലാക്കേണ്ടതാണ്. അംഗീകൃത ചെലവിനേക്കാൾ കൂടുതൽ ചെലവ്

ഉണ്ടായാൽ, അത് ബന്ധപ്പെട്ട സംസ്ഥാനവും നിയമസഭയുള്ള കേന്ദ്രഭരണ പ്രദേശങ്ങളും വഹിക്കേണ്ടിവരും, കൂടാതെ ജെജെഎമ്മിന് കീഴിൽ ലഭ്യമായ വിഭവങ്ങളിൽ നിന്ന് അധിക ചെലവുകൾ അനുവദിക്കില്ല. "ഒരു പ്രോജക്റ്റിനോ സ്കീമിനോ വേണ്ടിയുള്ള ടെൻഡർ ക്ഷണിച്ചതിന്റെ കണക്കാക്കിയ ചെലവിനേക്കാൾ അംഗീകൃത ചെലവ് കൂടുതലാണെങ്കിൽ, ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സംസ്ഥാന ജല-ശുചിത്വ മിഷന്റെ അപെക്സ് കമ്മിറ്റിയുടെ തലവന്റെ അംഗീകാരം പ്രവൃത്തി നൽകുന്നതിന് മുമ്പ് എടുക്കേണ്ടതാണ് ".

8) മേൽ സാഹചര്യത്തിൽ ടെണ്ടർ നെഗോഷ്യേറ്റഡ് തുകയ്ക്ക് എത്രയും വേഗം അനുവദിക്കാൻ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ ശിപാർശ ചെയ്തു.

9) **Comparison statement with Quoated amount.**

| **Negotiated Quoted Amount Rs.11,90,00,000/-** | | |
|---|---|---|
| | **Amount** | **Quoted amount Percentage above or below** |
| Tendered PAC | Rs.10,10,20,978/- | 17.80 % above |
| Current SoR+10% | Rs.11,11,23,076.24 | 7.08 % above |
| Local Market Rate (LMR) | Rs.11,47,32,086.30/- | 3.71 % above |

10) ഫയൽ അഭിപ്രായത്തിനായി ധനകാര്യ വകുപ്പിന് സമർപ്പിച്ചപ്പോൾ ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടു.

*It is noted that even after re-tendering (4 times), the response is noted as poor. AD has requested that attracting new participants through further tendering the work for JJM might be challenging.*

*Hence, the submissions of MD, KWA regarding the urgency of this work seems reasonable. Therefore, if AD/KWA feels that there will be no scope in getting a better response even on recall of tenders, then the tender of single bid @ Rs. 11,90,00,000/- (17.8% above TPAC) may be placed before Council of Ministers for getting approval, with full justification.*

*This has the approval of the Competent Authority.*

11) ഫയൽ സമർപ്പിച്ചപ്പോൾ ബഹു.ജലവിഭവ വകുപ്പ് മന്ത്രി താഴെ പറയുന്ന അഭിപ്രായം രേഖപ്പെടുത്തി.

"ആദ്യം രണ്ടു പ്രാവശ്യം ടെണ്ടർ ചെയ്തതിൽ ഫലമില്ലാത്തതിനാൽ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് ടെണ്ടർ ചെയ്ത പ്രവൃത്തിയാണിത്. കൂടാതെ ദേവികുളം പോലുള്ള മലയോരമേഖലകളിൽ ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവൃത്തി നടത്തുന്നത് വളരെ ദുഷ്കരവും, ചെലവേറിയതുമാണ്. ലോക്കൽ മാർക്കറ്റ് റേറ്റിൽ നിന്ന് ക്വാട്ട് ചെയ്ത തുക വലിയ വ്യത്യാസവും കാണുന്നില്ല. ഇനിയും ടെണ്ടർ ചെയ്യുന്നത് ചെലവ് കൂട്ടാനേ സഹായിക്കൂ എന്നതിനാൽ ധനവകുപ്പ് കൂടി ശുപാർശ ചെയ്ത പ്രകാരം മന്ത്രിസഭയുടെ പരിഗണനയ്ക്ക് വയ്ക്കുന്നതിന് ബഹു. മുഖ്യമന്ത്രി സദയം ഉത്തരവായാലും".

12) ടെൻഡറിന് അനുമതി നൽകുന്ന വിഷയം മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

13) കരട് മന്ത്രിസഭാ കുറിപ്പ് സമർപ്പിച്ചപ്പോൾ, പ്രവൃത്തി അംഗീകരിക്കുന്ന കാര്യത്തിൽ ജൽ ജീവൻ മിഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സംസ്ഥാന ജല-ശുചിത്വമിഷന്റെ അപ്പെക്സ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ച് കമ്മിറ്റിയുടെ ശിപാർശ കൂടി ഉൾപ്പെടുത്തി മന്ത്രിസഭാകുറിപ്പ് പുതുക്കി സമർപ്പിക്കാൻ ചീഫ് സെക്രട്ടറി നിർദ്ദേശിക്കുകയുണ്ടായി.

14) വിഷയം 10th State Water and Sanitation Mission (SWSM) Apex Committee meeting-ൽ പരിഗണിക്കുകയും ചുവടെ ചേർക്കുന്ന തീരുമാനം കൈക്കൊള്ളുകയും ചെയ്തു .

After detailed discussion, the 10th SWSM Apex committee meeting decided that since the Govt.of India has not officially communicated the extension of the JJM Mission Period and also not issued the new guidelines for JJM, the approval of new tenders can be kept in abeyance and can be considered after approval of the Mission period extension and issuance of new guidelines by GoI.

15) 24.06.2024 ലെ ഉത്തരവ് നമ്പർ W-11045/2/2024-JJM-II-DDWS പ്രകാരം 16.08.2024 ന് ശേഷം ഒരു പ്രവൃത്തിയും അവാർഡ് ചെയ്യരുതെന്ന് ഇന്ത്യാ ഗവൺമെന്റ് അറിയിച്ചിട്ടുണ്ട്. ഈ നിയന്ത്രണം നീക്കം ചെയ്തില്ലെങ്കിൽ, പദ്ധതിക്കുള്ള JJM-ന്റെ സാമ്പത്തിക സഹായം ലഭ്യമാകില്ലെന്നും മുഴുവൻ ചെലവും സംസ്ഥാനം വഹിക്കേണ്ടിവരുന്നതാണ്. കൂടാതെ, 16.08.2024-ന് മുമ്പ് നൽകിയ ജോലിക്ക് കേന്ദ്ര സഹായം നൽകാൻ പോലും JJM-II-ന്റെ അംഗീകാര ഉത്തരവ് ഇതുവരെ ഇന്ത്യാ ഗവൺമെന്റിൽ നിന്ന് ലഭിച്ചിട്ടില്ല.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച JJM - WSS to Mankulam Adimali and Pallivasal (Part) Panchayath in Idukki District including Construction of 11 MLD Plant at Mankulam എന്ന പ്രവർത്തി സിംഗിൾ ബിഡ്ഡർ ആയ ശ്രീ. അബ്ബ മാത്യു, 14/307, കാരമേൽ കോയിക്കൽ, കരിക്കോട് പി.ഒ, പെരുവ, കോട്ടയം 686610-ന് അദ്ദേഹം ക്വാട്ട് ചെയ്ത TPAC യെക്കാൾ 17.8% ഉയർന്ന തുകയായ 11,90,00,000/- (പതിനൊന്ന് കോടി തൊണ്ണൂറ് ലക്ഷം) രൂപയ്ക്ക് അനുവദിക്കുന്നതിന് മാനേജിംഗ് ഡയറക്ടർ കേരള വാട്ടർ അതോറിറ്റിക്ക് അനുമതി നൽകാമോ? എങ്കിൽ കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് ലഭിക്കാത്ത പക്ഷം സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നും ചിലവ് വഹിക്കാമോ?